**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിൽ സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിലാളികളുടെ അനാരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങളും കുറഞ്ഞ കൂലിനിരക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 02.08.2018-ലെ സ.ഉ.(അച്ചടി) നമ്പർ 62/2018/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം ചെമ്മീൻ പീലിംഗ് മേഖലയിലെ മിനിമം വേതനം സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള മിനിമം വേതനം ഈ മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നു. ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കെല്ലാം തന്നെ മിനിമം വേതനം ഉൾപ്പെടെ ESI, PF, ബോണസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. പീലിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ സുരക്ഷാ-ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഉറപ്പ് വരുത്താറുണ്ട്. |
| (ബി) | പീലിംഗ് മേഖലയിൽ കുറഞ്ഞ കൂലി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് ഏത് വർഷം നിശ്ചയിച്ച് നൽകിയതാണ്; ഇത് പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | ഉണ്ട്. 01.04.1974-ലെ No.16847/E1/73/LBR നമ്പർ വിജ്ഞാപനം പ്രകാരമാണ് ചെമ്മീൻ പീലിംഗ് മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി സർക്കാർ ആദ്യമായി നിശ്ചയിച്ച് നൽകിയത്. ആയത് കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ചുവരുന്നു. 02.08.2018-ലെ സ.ഉ.(അച്ചടി) നമ്പർ 62/2018/തൊഴിൽ പ്രകാരമാണ് ടി മേഖലയിലെ മിനിമം വേതനം സർക്കാർ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. 12.04.2023-ലെ G.O.(P) No.40/2023/LBR നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിനായി, മിനിമം വേതന ഉപദേശക സമിതിയ്ക്ക് കീഴിൽ രൂപീകരിച്ചിരിക്കുന്ന മൂന്ന് സബ് കമ്മിറ്റികളിൽ |

| | | | |
|---|---|---|---|
| | | | ഒന്നാമത്തെ സബ്-കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തൊഴിലിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യകരമായ തൊഴിലിടം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | പീലിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾ സുരക്ഷാ-ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരാത്ത പീലിംഗ് ഷെഡുകൾക്ക് വിവിധ അതോറിറ്റികളുടെ ലൈസൻസ് ആവശ്യമുണ്ട് (പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ്, പഞ്ചായത്ത് ലൈസൻസ് തുടങ്ങിയവ). തൊഴിൽ വകുപ്പ് ഇവരുടെ മിനിമം വേതനം, തൊഴിൽ സാഹചര്യം എന്നീ കാര്യങ്ങളിൽ സ്ക്വാഡ് പരിശോധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്ത്രീ തൊഴിലാളികൾക്കായി സ്ത്രീ സൗഹൃദ തൊഴിൽ അന്തരീക്ഷവും അനുബന്ധ സൗകര്യങ്ങളും പ്രസ്തുത മേഖലയിൽ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഫാക്ടറി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തേണ്ട മൂത്രപ്പുര, ലാട്രിൻ, ക്രഷ്, റസ്റ്റ് റൂം മുതലായ സൗകര്യങ്ങൾ ഫാക്ടറികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ ഫാക്ടറി ഇൻസ്പെക്ടർമാർ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ